# യേശുക്രിസ്തുവിന്റെ ഒരു സ്ഥാനപതി ആയിരിക്കുക

സാക് പുന്നൻ

WFTW 04 ഒക്ടോബർ 2015

പൗലൊസ് യേശുക്രിസ്തുവിന്റെ ഒരു സ്ഥാനപതി ആയിരുന്നു (2കൊരി.5:20). യേശുക്രിസ്തുവിന്റെ ഒരു സ്ഥാനപതിക്ക് 12 അടയാളങ്ങളുണ്ട്. നിങ്ങളുടെ ജീവിതത്തിൽ ഈ അടയാളങ്ങൾ എത്രമാത്രം ഉണ്ട് എന്നതിനെക്കുറിച്ചു ചിന്തിക്കുക.

1) അദ്ദേഹം ദൈവത്താൽ നിയമിക്കപ്പെട്ടവനായിരുന്നു (2 കൊരി. 1:1). ''ദൈവേഷ്ടത്താൽ യേശുക്രിസ്തുവിന്റെ ഒരു അപ്പൊസ്തലനായ പൗലൊസ്,'' അദ്ദേഹം തന്നെത്താൻ നിയമിച്ചില്ല. ദൈവം അദ്ദേഹത്തെ വിളിച്ചു. ഇതു വളരെ പ്രധാനപ്പെട്ടതാണ്. ദൈവം നിങ്ങളെ വിളിച്ചിട്ടില്ലെങ്കിൽ ഒരു ശുശ്രൂഷയിൽ വ്യാപൃതനാകരുത്.

2) അദ്ദേഹം തീർത്തും പരമാർത്ഥതയുള്ളവനായിരുന്നു (വാ. 12). നമ്മിൽ നിന്നു ദൈവം ആവശ്യപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്നാണ് സത്യസന്ധത അല്ലെങ്കിൽ പരമാർത്ഥത. നിങ്ങൾക്ക് അനേകം ബലഹീനതകളുണ്ടായിരിക്കാം. എന്നാൽ നിങ്ങൾ സത്യസന്ധനും പരമാർത്ഥിയുമാണെങ്കിൽ, നിങ്ങൾക്കു ദൈവത്തിന്റെ ഒരു യഥാർത്ഥ ദാസനായിരിക്കാൻ കഴിയും.

3) അദ്ദേഹം പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടവനായിരുന്നു (വാ.22). നിങ്ങൾക്ക് എന്തെല്ലാം യോഗ്യതകൾ ഉണ്ടായിരുന്നാലും നിങ്ങൾ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനല്ലെങ്കിൽ, ദൈവത്തെ ശുശ്രൂഷിക്കുവാൻ ശ്രമിക്കരുത്. അതു മറന്നു കളഞ്ഞിട്ടു പോയി മറ്റെന്തെങ്കിലും ചെയ്യുക.

4) തന്നെ ശുശ്രൂഷിച്ചവരെ അദ്ദേഹം സ്നേഹിച്ചു (2കൊരി. 2:4). ''എനിക്കു നിങ്ങളോടുള്ള വലിയ സ്നേഹം നിങ്ങൾ അറിയേണ്ടതിനത്രേ?

5) അദ്ദേഹം പൂർണ്ണമായി ദൈവത്തിൽ ആശ്രയിച്ചു (2കൊരി. 3:5). ''ഞങ്ങളുടെ പ്രാപ്തി ദൈവത്തിൽ നിന്നത്രെ.'' അദ്ദേഹം ഒരു മാനുഷിക വിഭവങ്ങളിലും ആശ്രയിച്ചില്ല. ആളുകൾ അദ്ദേഹത്തിനു നൽകിയ കാര്യങ്ങൾ അദ്ദേഹം ഉപയോഗിച്ചിട്ടുണ്ടാകാം. എന്നാൽ താൻ മനുഷ്യരിൽ ആശ്രയിച്ചില്ല. അദ്ദേഹം പൂർണ്ണമായി ദൈവത്തിൽ ആശ്രയിച്ചു.

6) അദ്ദേഹം ഒരിക്കലും അധൈര്യപ്പെട്ടില്ല (2കൊരി. 4;5). ''ഞങ്ങൾക്ക് ഈ ശുശ്രൂഷ ഉണ്ടായതിനാൽ ഞങ്ങൾ അധൈര്യപ്പെട്ടില്ല. ഞങ്ങൾ ഒരിക്കലും നിരാശരായില്ല.'' ഈ ശുശ്രൂഷയിൽ അധൈര്യപ്പെടാനുള്ള പ്രലോഭനം പലതവണ നിങ്ങൾക്കുണ്ടാകാം. പൗലൊസ് ഒരിക്കലും അധൈര്യപ്പെട്ടില്ല.

7) അദ്ദേഹം മറ്റുള്ളവർക്ക് ഒരു മാതൃക ആയിരുന്നു (2കൊരി. 6:3,4). ''ഞങ്ങൾ എല്ലാവിധത്തിലും ദൈവത്തിന്റെ ശുശ്രൂഷകരെന്നു മഹാസഹിഷ്ണുതയിലൂടെ ഞങ്ങളെത്തന്നെ കാണിക്കുന്നു.'' തന്റെ ജീവിതത്തിലും വ്യത്യസ്ത സാഹചര്യങ്ങളിൽ താൻ തന്നെ പെരുമാറിയ വിധങ്ങളിലും അദ്ദേഹം മറ്റുള്ളവർക്ക് ഒരു മാതൃക ആയിരുന്നു.

8) അദ്ദേഹം ആരേയും ചൂഷണം ചെയ്തില്ല (2കൊരി. 7:2). തനിക്കു വേണ്ടി എവിടെ എങ്കിലും അയക്കുവാനോ എന്തെങ്കിലും ചെയ്യുവാനോ വേണ്ടി ആരെയും തന്റെ വേലക്കാരനാക്കുവാൻ

അദ്ദേഹം ഒരിക്കലും ശ്രമിച്ചില്ല. മറ്റുള്ളവരിലുള്ള ആതിഥ്യ മര്യാദയുടെ നന്മയെ അദ്ദേഹം ഒരിക്കലും മുതലെടുത്തില്ല.

9) അദ്ദേഹം വിവേകത്തോടെ പണം കൈകാര്യം ചെയ്തു (2കൊരി. 8:20,21; 11:9). പണത്തിന്റെ കാര്യത്തിൽ അദ്ദേഹം ആർക്കും ഒരു ഭാരമായിരുന്നില്ല. പണം കൈകാര്യം ചെയ്യുന്നതിൽ വളരെ ശ്രദ്ധാലുവായിരുന്നു. തന്റെ ശുശ്രൂഷ സ്വീകരിക്കുന്നില്ല എന്നു തനിക്കു ബോധ്യമായ ഇടങ്ങളിലുള്ള ആരിൽ നിന്നും അദ്ദേഹം പണം സ്വീകരിച്ചില്ല.

10) ദൈവം തനിക്കുവേണ്ടി നിയമിച്ച അതിരുകൾക്കുള്ളിൽ അദ്ദേഹം നിന്നു (2കൊരി. 10:13).

11) ബാഹ്യമായ എല്ലാ കഷ്ടങ്ങളും സഹിക്കുവാൻ അദ്ദേഹത്തിനു മനസ്സായിരുന്നു (2 കൊരി. 11:2333). ജഡത്തിലുള്ള ഒരു ശൂലത്താലുള്ള കഷ്ടതയും (2കൊരി 12:9,10) സഹിക്കുവാൻ അദ്ദേഹത്തിനു മനസ്സായിരുന്നു. ദൈവം ആ കഷ്ടത അനുവദിക്കുകയും അദ്ദേഹം അതു സ്വീകരിക്കുകയും ചെയ്തു.

12) വിശ്വാസികളെ പൂർണ്ണതയിലേക്കു നയിക്കുവാൻ താൻ ആഗ്രഹിച്ചു (2കൊരി. 13:9). ''ഞങ്ങൾ ബലഹീനരും നിങ്ങൾ ശക്തരും ആയിരുക്കുമ്പോൾ ഞങ്ങൾ സന്തോഷിക്കുന്നു; നിങ്ങൾ പരിപൂർണ്ണത പ്രാപിക്കുന്നതിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.''

ഇതാണ് അപ്പൊസ്തലനായ പൗലൊസ് നമുക്ക് അദ്ദേഹത്തിന്റെ കാൽചുവടുകളെ പിൻതുടരുകയും കർത്താവിനെ അതുപോലെ സേവിക്കുകയും ചെയ്യാം.